കരുനാഗപ്പള്ളിയിൽ ടൂറിസം വികസനത്തിനായി റോഡുകളുടെ പുനർനിർമ്മാണം

130 (1022) ശ്രീ. എ. എൻ. രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ നിന്നും നിർദ്ദേശിക്കപ്പെട്ട റോഡുകളുടെ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) നിർദ്ദിഷ്ട മൂന്നു റോഡുകളുടെ പണികൾ പൂർത്തിയായിട്ടുണ്ട്.

വീരമലക്കുന്നിൽ ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്ന നടപടി

131 (1023) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ വീരമലക്കുന്നിൽ ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്നും പ്രോജക്ടിലെ വിശദവിവരങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ ;

(ബി) പ്രസ്തുത പ്രോജക്ട് നടപ്പിലാക്കാൻ ഇപ്പോൾ സോഷ്യൽ ഫോറസ്ട്രി വകുപ്പിന്റെ കൈവശമുള്ള സ്ഥലം വിട്ടുകിട്ടുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പദ്ധതി നിർവ്വഹണത്തിനായി കണ്ടെത്തിയ സ്ഥലം വനംവകുപ്പിന്റെ അധീനതയിലായതിനാൽ പദ്ധതി പരിഗണിക്കാൻ സാധിച്ചിട്ടില്ല.

(ബി) സ്വീകരിച്ചു വരുന്നു.

പൊൻമുടി ഗസ്റ്റ് ഹൗസ്

132 (1024) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ടൂറിസം വകുപ്പിന്റെ കീഴിലുള്ള പൊൻമുടി ഗസ്റ്റ് ഹൗസ് സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ?

ഉത്തരം

ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly